"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ്-ട്രഷറി ജീവനക്കാര്യം - പന്തളം സബ് ട്രഷറിയിലെ സീനിയർ അക്കൗണ്ടന്റ് ശ്രീമതി.ടി.ആർ.ശ്രീജയ്ക്ക് പഠനാവശ്യത്തിനായി ശൂന്യവേതന അവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -സി) വകുപ്പ്**

**സ.ഉ.(സാധാ)നം. 5036/2026/ധന.** **തിരുവനന്തപുരം, തീയതി 17/06/2026**

പരാമർശം :- 1. ശ്രീമതി.ടി.ആർ.ശ്രീജ സമർപ്പിച്ച അവധി അപേക്ഷ

2. പത്തനംതിട്ട ജില്ലാ ട്രഷറി ഓഫീസറുടെ 26/05/2007 ലെ A1/1363(C) നമ്പർ നടപടിക്രമം
3. പത്തനംതിട്ട ജില്ലാ ട്രഷറി ഓഫീസറുടെ 21/02/2026 ലെ TRY-DTOPTA/554/2025-E1 നമ്പർ നടപടിക്രമം
4. ട്രഷറി ഡയറക്ടറുടെ 25/03/2026- ലെ TRY/2435/2025-B5(E: 151537) നമ്പർ കത്ത്

**ഉത്തരവ്**

പന്തളം സബ് ട്രഷറിയിലെ സീനിയർ അക്കൗണ്ടന്റ് ശ്രീമതി ടി. ആർ. ശ്രീജയ്ക്ക് ജൂനിയർ അക്കൗണ്ടന്റ് ആയിരുന്ന കാലയളവിൽ 01/06/2007 മുതൽ 28/09/2007 വരെ പഠനാവശ്യത്തിനായി പത്തനംതിട്ട ജില്ലാ ട്രഷറി ഓഫീസർ പരാമർശം (2) പ്രകാരം ശൂന്യവേതന അവധി അനുവദിക്കുകയും, എന്നാൽ കെ.എസ്.ആർ. ഭാഗം I, അനുബന്ധം XII-B പ്രകാരം പഠനാവശ്യത്തിനായി ശൂന്യവേതന അവധി അനുവദിക്കുന്നതിനുള്ള അധികാരം സർക്കാരിൽ മാത്രം നിക്ഷിപ്തമായിരിക്കെ, ജില്ലാ ട്രഷറി ഓഫീസർ പ്രസ്തുത അവധി അനുവദിച്ചത് ചട്ടപ്രകാരമല്ലെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ചട്ടവിരുദ്ധമായി അനുവദിച്ചിരുന്ന അവധി പരാമർശം (3) പ്രകാരം റദ്ദാക്കുകയും, അനുവദിച്ചിരുന്ന ശൂന്യവേതനാവധി ക്രമീകരിച്ച് ഉത്തരവാകുന്നതിലേക്കായി അപേക്ഷയും അനുബന്ധ രേഖകളും പരാമർശം (4) പ്രകാരം ട്രഷറി ഡയറക്ടർ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പന്തളം സബ് ട്രഷറിയിലെ സീനിയർ അക്കൗണ്ടന്റ് ശ്രീമതി ടി. ആർ. ശ്രീജയ്ക്ക്, 01/06/2007 മുതൽ 28/09/2007 വരെ, കെ.എസ്.ആർ. ഭാഗം I, അനുബന്ധം XII-B യിലെ വ്യവസ്ഥകൾക്ക് വിധേയമായി പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സി.എസ്. പ്രിൻസ്**

**ഡെപ്യൂട്ടി സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:-

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, പട്ടം, പട്ടം പാലസ് പി ഒ, തിരുവനന്തപുരം.

സബ് ട്രഷറി ഓഫീസർ, പന്തളം സബ് ട്രഷറി

ബന്ധപ്പെട്ട ഉദ്യോഗസ്ഥ (ട്രഷറി ഡയറക്ടർ മുഖേന)

നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.financekerala.gov.in

വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി( (E: 3365140)

ഉത്തരവിൻ പ്രകാരം

Sunitha K

സെക്ഷൻ ഓഫീസർ